പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5202 | 27/07/2015 ൽ മറുപടിയ്ക്ക്

## റവന്യൂ സർവ്വേ സംബന്ധിച്ച പരാതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ സർവ്വേ സംബന്ധമായുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) റവന്യൂ- സർവ്വേ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനായി 14 ജില്ലകളിലും, റവന്യൂ മന്ത്രി തന്നെ നേരിട്ട് റവന്യൂ-സർവ്വേ അദാലത്തുകൾ നടത്തി. കോടതിക്കേസുകൾ ഉൾപ്പെടാത്ത വിഷയങ്ങൾ ഉൾപ്പെടുത്തിയിരുന്നു. റവന്യൂ വകുപ്പിലേയും, സർവ്വേ വകുപ്പിലേയും എല്ലാ വിഭാഗം ജീവനക്കാരേയും, പ്രിൻസിപ്പൽ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, സർവ്വേ ഡയറക്ടർ തുടങ്ങിയ വകുപ്പ് മേധാവികളും പങ്കെടുത്തു. മേൽപ്പറഞ്ഞ അദാലത്തുകളിലായി 4,14,487 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ സർവ്വെ സംബന്ധിച്ച പരാതികൾ നിലവിൽ താലൂക്കാഫീസുകളിലെ എൽ.ആർ.എം. വിഭാഗം മുഖേന പരിഹരിച്ചു വരുന്നു. ഇത് ഒരു സ്ഥിരം സംവിധാനമാണ്. |
| (ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്; വ്യക്തമാക്കാമോ; | (ബി) സർവ്വെ വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി ഉദ്യോഗസ്ഥരെ നിയോഗിച്ച് പ്രസ്തുത ജോലികൾ നിർവ്വഹിച്ചു വരുന്നു. |
| (സി) പ്രസ്തുത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) 31/05/2010 ലെ ജി.ഒ.(എം.എസ്സ്) 200/2010/റവന്യൂ നമ്പർ ഉത്തരവു പ്രകാരം പരാതികൾ തീർപ്പാക്കാനായി കൂടുതൽ സർവ്വേ ഉദ്യോഗസ്ഥരെ താലൂക്കാഫീസുകളിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ